# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7171 3/11/2011-ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ് : | ശ്രീ. ഷിബുബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ട് ; ഇവിടെനിന്നും രോഗികൾക്ക് എന്തൊക്കെ സൗജന്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശം നൽകാമോ ; | (എ) കണ്ണൂർ ജില്ലയിൽ ഒരു ഇ.എസ്.ഐ. ആശുപത്രിയും 11 ഇ.എസ്.ഐ. ഡിസ്പെൻസറികളും നിലവിലുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്ന് ഒ.പി. ചികിത്സയും ആശുപത്രികളിൽ നിന്ന് ഒ.പി./ഐ.പി. ചികിത്സകളും ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭ്യമാണ്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്ന് ലീവ്, രോഗ സംബന്ധമായ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സകൾ മറ്റ് ആശുപത്രികളിൽ ചെയ്യുമ്പോൾ നിയമപ്രകാരമുള്ള റീഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്. |
| (ബി) കണ്ണൂർ ജില്ലയിൽ പുതുതായി ഇ.എസ്.ഐ. ആശുപത്രികളോ ഡിസ്പെൻസറികളോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ